പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2456 — 09.03.2018 ന് മറുപടിയ്ക്ക്

## ഐ.ടി.ഐ-കളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി : | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ-കളുടെ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; | ഐ.ടി.ഐകളുടെ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടി ക്രമങ്ങൾ ചുവടെ ചേർക്കുന്നു.<br>**1. ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്.**<br>പത്ത് (10) ഐ.ടി.ഐകളെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ: ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ: ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐകളെ ഇന്റർനാഷണൽ ഐ.ടി.ഐ ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>**2. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ**<br>മികച്ച ഗുണമേൻമയും ഫലപ്രാപ്തിയും ലക്ഷ്യമാക്കിയിട്ടുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകളെ മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി 34 സർക്കാർ ഐ.ടി.ഐകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. കോഴിക്കോട് (വനിത) ഐ.ടി.ഐയിൽ പരിശീലന സംബന്ധമായ നൂതന ഐ.എസ്.ഒ 29993-2017 സർട്ടിഫിക്കേഷനായുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| | **3.** 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 വനിത ഐ.ടി.ഐകളുടെ പദവി ഉയർത്തുമെന്നും 10 രണ്ടാം ഗ്രേഡ് ഐ.ടി.ഐകളെ ഒന്നാം ഗ്രേഡ് ഐ.ടി.ഐകളാക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി.ഐകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഐ.ടി.ഐ-കളിലെ സിലബസ്സും കോഴ്സുകളും കാലോചിതമായി പരിഷ്ക്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിന് (CTS) കീഴിലുള്ള കോഴ്സുകളാണ് ഐ.ടി.ഐ –കളിൽ നടത്തുന്നത്. ടി സ്കീമിന് കീഴിലുള്ള കോഴ്സുകളും, ആയതിന്റെ സിലബസ്സുകളും തയ്യാറാക്കുന്നതും, കാലോചിതമായി പരിഷ്ക്കരിക്കുന്നതും ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് NCVT) ആണ്. കോഴ്സുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി NCVT നിർത്തലാക്കിയ ട്രേഡുകൾക്ക പകരം പുതിയ ട്രേഡുകൾ സംസ്ഥാനത്തെ ഐ.ടി.ഐകളിൽ ആരംഭിച്ചിട്ടുണ്ട്. |

Bindu
സെക്ഷൻ ഓഫീസർ